**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1401** **10-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ ദീർഘകാല ആവശ്യമായ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള അനുപാതം വർദ്ധിപ്പിച്ചുകൊണ്ട് ഈ സർക്കാർ 23.05.2024 -ൽ പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സ.ഉ.(കൈ). നം.50/2024/ജി.ഇ.ഡി.എൻ. ഉത്തരവ് നാളിതുവരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഡി.എൻ) നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | 23.05.2024 തീയതിയിലെ സ.ഉ(കൈ) നം 50/2024/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം 2020-21, 2021-22 കാലയളവിൽ അപേക്ഷിച്ചവരിൽ യഥാക്രമം 57% പേർക്കും, 37% പേർക്കും മാത്രമേ സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളൂ എന്നത് കണക്കിലെടുത്തും, 02.12.1991 തീയതിയിലെ സ.ഉ. (പി) നം.36/91/ പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിൽ ഇളവ് നൽകി, പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം, **ജില്ലകളിലെ നേരിട്ടുള്ള പി.എസ്.സി നിയമനത്തെ ബാധിക്കാതെ**, നിലവിലെ 10% എന്നത് എൽ.പി./യു.പി സ്കൂൾ അധ്യാപകർക്ക് 20%വും ഹൈസ്കൂൾ അധ്യാപകർക്ക് 15%വും ആയി നിജപ്പെടുത്തി ഉത്തരവായിരുന്നു.<br><br>പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ ചില കാര്യങ്ങളിൽ സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി. തുടർന്ന്, JA3/293/2024/പൊ.വി.വ. തീയതി 30/09/2024 നമ്പർ കത്ത് പ്രകാരം 23.05.2024 തീയതിയിലെ സ.ഉ(കൈ) നം 50/2024/പൊ.വി.വ സർക്കാർ ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർക്കാർ ഉത്തരവ് വന്നതിനുശേഷം 04.07.2024-ൽ ഡി.പി.ഐ.(ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ ) ഇറക്കിയ എ1/20363/2023/ ഡി.ജി.ഇ. ഉത്തരവ് പ്രകാരം 2022-23 അധ്യയനവർഷത്തെ സഹതാപാർഹ അന്തർജില്ലാ സ്ഥലംമാറ്റം അതതു ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | 2022-23 അധ്യയന വർഷത്തെ സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും, 2022-23 അധ്യയന വർഷത്തെ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കി വെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് എല്ലാ |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 23.05.2024 തീയതിയിലെ സ.ഉ(കൈ) നം 50/2024/ജിഇഡിഎൻ സർക്കാർ ഉത്തരവ് പ്രകാരം ഈ അധ്യയന വർഷം ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.<br><br>2023-24 അധ്യയന വർഷത്തെ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. 2024-25 അധ്യയന വർഷത്തെ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്ന മുറയ്ക്ക് ടി ഉത്തരവ് പ്രകാരമുള്ള നിയമനാനുപാതം നടപ്പിലാക്കുന്നതാണ്. |
| (സി) | പ്രസ്തുത സർക്കാർ ഉത്തരവിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ വേണ്ട കൃത്യതകൾ വരുത്തി സമയബന്ധിതമായി ഉത്തരവ് നടപ്പിലാക്കി അദ്ധ്യാപകരുടെ പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | JA3/293/2024/പൊ.വി.വ. തീയതി 30/09/2024 നമ്പർ കത്ത് പ്രകാരം 23.05.2024 തീയതിയിലെ സ.ഉ(കൈ) നം 50/2024/പൊ.വി.വ സർക്കാർ ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ